LIBRARY ARCHIVES Kerala Legislative Assembly

കൃഷ്ണപുരം മുതൽ കടമ്പാട്ടുകോണം വരെയും കാട്ടിൽകടവ്-പുതിയകാവ്-ചക്കുവള്ളി വരെയുമുള്ള റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി വാഹനങ്ങൾ ഉൾപ്പടെയുള്ളവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഓച്ചിറ, കരുനാഗപ്പള്ളി, ചവറ, ശൂരനാട്, ശക്തികുളങ്ങര, കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം-തേനി ദേശീയപാതയിൽ ദേശീയപാത 183-ൽ വേളാവൂർ മുതൽ കോട്ടയം ഐഡ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ചില സ്ഥലങ്ങളിൽ വാഹനങ്ങളും മെഷിനറികളും അനധികൃതമായി പാർക്ക് ചെയ്തിട്ടുണ്ട്. ആയത് നീക്കം ചെയ്യാനായി നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം

69(679) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതകളിലെയും പ്രധാന റോഡുകളിലെയും പ്രധാന ജംഗ്ഷനുകളിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തുന്നത്; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

നിരത്ത് വിഭാഗത്തിന് കീഴിലെ പ്രധാന റോഡുകളിലെയും പ്രധാന ജംഗ്ഷനുകളിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ശാസ്ത്രീയ പഠനം നടത്താൻ പ്രത്യേകമായി ഒരു ഏജൻസിയെ ഏർപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് ഡിസൈൻ വിഭാഗം മുഖേനയും നാറ്റ്പാക് എന്ന ഏജൻസി മുഖേനയും ആവശ്യമായ ഘട്ടങ്ങളിൽ ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ

70(680) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ പലതും കുഴികൾ രൂപപ്പെട്ട് വാഹനയാത്രക്കാർക്ക് ഭീഷണിയാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിരത്ത് വിഭാഗത്തിനുകീഴിലെ റോഡുകളെല്ലാംതന്നെ ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുടർച്ചയായുള്ള മഴ, പൈപ്പ്ലൈൻ, കേബിൾ മുതലായവ സ്ഥാപിക്കുന്നതിനുള്ള റോഡ് കുഴിക്കൽ